പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1109   12.03.2015 ൽ മറുപടിക്ക്

ബജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ : | | ശ്രീ. പി.കെ.അബ്ദു റബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക എത്ര; | (എ) | 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി, കേന്ദ്രാ-വിഷ്കൃത പദ്ധതി എന്നീ ഇനങ്ങളിലായി 1841.45 കോടി രൂപ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പൊതുവിദ്യാഭ്യാസം, ഉന്നത-വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് അനുവദിച്ച തുക പ്രത്യേകം,. പ്രത്യേകം ലഭ്യമാക്കാമോ ; | (ബി) | സംസ്ഥാന പദ്ധതി, കേന്ദ്രാ-വിഷ്കൃതം എന്നീ ഇനങ്ങളിലായി പൊതുവിദ്യാഭ്യാസത്തിന് 1070.92 കോടി രൂപയും ഉന്നത-വിദ്യാഭ്യാസത്തിന് 770.53 കോടി രൂപയും 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് വകയിരുത്തിയി-ട്ടുളള തുകയിൽ 49.25 കോടി രൂപ പ്രസ്തുത വകുപ്പിന്റേതല്ലാത്ത വിവിധ പദ്ധതികൾക്കാണ് അനുവദിച്ചിരിക്കു-ന്നത്. |
| (സി) | ഇതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ.; | (സി) | പൊതുവിദ്യാഭ്യാസത്തിൽ 597.50 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിൽ 248.21 കോടി രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ബജറ്റിൽ വകയിരുത്തിയ തുക മുഴുവനും വകുപ്പിന് അനുവദിച്ചുകിട്ടിയിട്ടുണ്ടോ.; എത്ര തുക കിട്ടി; ഇനി എത്ര തുക ലഭിക്കാനുണ്ട്? | (ഡി) | 2014-15 വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസത്തിന് **785.63** കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. **284.53** കോടി രൂപ (സംസ്ഥാന പദ്ധതി, കേന്ദ്രാ-വിഷ്കൃതം ഉൾപ്പെടെ) ഇനിയും ലഭിക്കാനുണ്ട്.. ഉന്നത വിദ്യാഭ്യാസത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട്. |

Sheela H

സെക്ഷൻ ഓഫീസർ